

# അവരെല്ലാവരും ഭക്ഷിച്ചു തൃപ്തരായി (മർക്കോ 6:42)

## മാർച്ച് 2014: വിചിന്തനം: മർക്കോ 6:30–44

നാമെല്ലാവരും ആഗ്രഹങ്ങളുടെ ഒരു നീണ്ട പട്ടിക ഉള്ളവരാണ്. ജീവിത വിജയം, അംഗീകാരം, ഭക്ഷണം... അങ്ങനെ നമ്മുടെ ആഗ്രഹങ്ങളുടെ പട്ടിക നീളുന്നു. നേടാനുള്ള വസ്തുവിനെ സ്വന്തമാക്കാൻ ആഗ്രഹം നമ്മെ മുന്നോട്ടു തള്ളുന്നു. എന്തു വിലകൊടുത്തും അത് നേടിയെടുക്കാൻ ആഗ്രഹം നമ്മെ പ്രചോദിപ്പിക്കുന്നു. നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം യേശുവിനും നല്ല വിശപ്പുണ്ടായിരുന്നു എന്നാണ് സുവിശേഷങ്ങളിൽ നാം വായിക്കുന്നത്. എന്നാൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ യേശു പ്രതികരിച്ചത് “മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്” എന്നാണ്. പിശാചിന്റെ പ്രലോഭനത്തെ തള്ളിക്കളയുന്നതു വഴി ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ മറ്റ് അഭിലാഷങ്ങൾക്കെല്ലാം അതീതമായിരിക്കണം ദൈവത്തിനുവേണ്ടിയുള്ള ആഗ്രഹം എന്നാണ്.

ഒരു വിജനസ്ഥലത്ത് ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടിയത് ദൈവവചനം കേൾക്കാനും രക്ഷകനെ കാണാനും വേണ്ടിയായിരുന്നു. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെയായിരുന്നെങ്കിലും അവരുടെ ഹൃദയങ്ങൾ ദൈവത്തോടും പരസ്പരവും തുറവിയുള്ളതായിരുന്നു. “ദൈവത്തിന്റെ നാവിൽ നിന്നു വരുന്ന ഓരോ വചന”വും ശ്രദ്ധയോടെ കേട്ടിരുന്നതുകൊണ്ട് ഭക്ഷണത്തെക്കുറിച്ച് അവർ വ്യഗ്രതപ്പെട്ടിരുന്നില്ല. അവരുടെ ഹൃദയഭാവം അനുകൂലമായിരുന്നതുകൊണ്ട് യേശു അവിടെ ഒരു അത്ഭുതം പ്രവർത്തിക്കുന്നു. വചനമായ ദൈവത്തിൽ കേന്ദ്രീകൃതമായ ഒരു സമൂഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് അപ്പം വർധിപ്പിക്കുന്ന അത്ഭുതം നടക്കുന്നത്. ദൈവവചനമായ യേശുവാണ് മനുഷ്യന് പോഷണം നൽകുന്ന യഥാർഥ അപ്പം. നമ്മുടെ അനുദിന ആവശ്യങ്ങളേക്കാൾ മുൻഗണന നൽകേണ്ടത് ദൈവവചനം ശ്രവിക്കുന്നതിലൂടെയും ഉൾക്കൊള്ളുന്നതിലൂടെയും ഉള്ള നമ്മുടെ ദൈവാന്വേഷണത്തിനാണെന്ന് ഈ വചനഭാഗം നമ്മെ ഓർമിപ്പിക്കുന്നു. ദൈവവചനം കേൾക്കാൻ യേശുവിനു ചുറ്റും തടിച്ചുകൂടിയ ജനം ദൈവജനത്തിന്റെ, തിരുസഭയുടെ പ്രതീകമാണ്. സഭ നിലനിൽക്കുന്നത് ക്രിസ്തുവിന്റെ വചനത്തിലൂടെയും ജീവന്റെ അപ്പമായ വി.കുർബാനയിലൂടെയുമാണ്. “അവരെല്ലാവരും ഭക്ഷിച്ചു തൃപ്തരായി” എന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

മനുഷ്യാവതാരമെടുത്ത ദൈവവചനം, ജീവന്റെ അപ്പം നമ്മുടെ ഓരോ ആഗ്രഹവും പൂർത്തിയാക്കുന്നതോടൊപ്പം നമുക്കോരോരുത്തർക്കും വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുണ്ട്. ആ അഞ്ചപ്പം പോലെ നമ്മുടെ ജീവിതം മുഴുവൻ അനുഗ്രഹിക്കപ്പെടാനും വർധിക്കപ്പെടാനും മുറിക്കപ്പെടാനും വിശക്കുന്നവർക്കായി വിതരണം ചെയ്യപ്പെടാനും അവിടുത്തെ കരങ്ങളിൽ ഏല്പിച്ചുകൊടുക്കാൻ അവിടുന്ന് നമ്മെ ക്ഷണിക്കുന്നു്. ആ പാഠം നാം പഠിക്കുന്നത് കാൽവരി കുരിശിൽ അവിടുന്ന് നമുക്കായി ജീവന്റെ അപ്പമായി സ്വയം സമർപ്പിക്കുന്നതിലൂടെയാണ്. “നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ” അവിടുന്നിലുള്ള വിശ്വാസത്തിലൂടെ നീതീകരിക്കപ്പെട്ട് “സംതൃപ്തരാകുന്ന”തിനു വേണ്ടിയാണ് അവിടുന്ന് ഈ ബലിയർപ്പിച്ചത്.

നമുക്കും അവിടുത്തോടൊപ്പം, ഭയമോ സങ്കോചമോ കൂടാതെ നമ്മെത്തന്നെ ദൈവകരങ്ങളിൽ ഏൽപിച്ചു കൊടുക്കാം. അവിടുന്ന് നമ്മെ അനുഗ്രഹിച്ച്, വർധിപ്പിച്ച്, വിഭജിച്ച്, മറ്റുള്ളവർക്കായി വിതരണം ചെയ്യട്ടെ!



Prepared by the Jesus Youth International Formation Team. Illustration: Ashil Antony